# അനായാസം ആദായം

**കോഴിവളർത്തലിനെ അപേക്ഷിച്ച് എളുപ്പവും ചെലവു കുറഞ്ഞതുമാണ് കാട വളർത്തൽ**

ഡോ. സ്മിത ശിവദാസൻ,
ഡോ. ഷിനോജ് സുബ്രഹ്മണ്യൻ

ഒരു കോഴിക്കുള്ള സ്ഥലത്ത് 8-10 കാടകളെ വളർത്താം. ഒരു കാടയ്ക്ക് ദിനംപ്രതി 25 ഗ്രാം തീറ്റ മതി. ആറാഴ്ച പ്രായമാകുമ്പോൾ മുട്ടയിട്ടു തുടങ്ങുന്ന കാടയിൽനിന്ന് വർഷത്തിൽ ശരാശരി 10 ഗ്രാം ഭാരമുള്ള 280 മുതൽ 300 വരെ മുട്ട ലഭിക്കും. 5–6 ആഴ്ച പ്രായത്തിൽ 150 ഗ്രാം ശരീരഭാരം വയ്ക്കുന്ന കാടയുടെ മാംസത്തിനും നല്ല വിപണിയാണ്. രോഗബാധ തീരെയില്ല.

കാടമുട്ടയിലും ഇറച്ചിയിലും കോഴിയുടേതിനെ അപേക്ഷിച്ച് കൂടുതൽ മാംസ്യം, വൈറ്റമിൻ, കാൽസ്യം, ഫോസ്ഫറസ് തുടങ്ങിയ ലവണങ്ങളുമുണ്ട്. കാടമുട്ടയും ഇറച്ചിയും ശ്വാസകോശ രോഗങ്ങൾക്ക് ഔഷധമാണ്.

### കൂടൊരുക്കുമ്പോൾ

ഓട്, ഓല, ആസ്ബെസ്റ്റോസ് എന്നിവകൊണ്ടു മേൽക്കൂര നിർമിച്ച ഷെഡ്ഡുകളിൽ വളർത്താം. 15–20 ഡിഗ്രി സെൽഷ്യസ് ചൂടും 40–70 ശതമാനം ഈർപ്പവുമുള്ള ഷെഡ്ഡുകളാണ് നല്ലത്. ഷെഡ്ഡുകൾക്കുള്ളിൽ തുറന്നു വിട്ടോ, പ്രത്യേകം ചെറുകൂടുകളിൽ അടച്ചോ 500 കാടകൾവരെ ആദായകരമായി വളർത്താം. വീടിനോടു ചേർന്ന് ചായ്പ്പുപോലെയോ മട്ടുപ്പാവിൽ ഷെഡ് നെറ്റും സിൽപോളിൻ ഷീറ്റും ഉപയോഗിച്ചോ ഷെഡ് നിർമിക്കാം.

നൂറു കാടകൾക്ക് ഏഴ് അടി നീളവും മൂന്ന് അടി വീതിയും ഒരടി ഉയരവുമുള്ള കൂടു മതി. 500 കാടകളെ ഇതുപോലുള്ള അഞ്ചു കൂടുകൾ തട്ടുകളായി ഒന്നിനുമുകളിൽ മറ്റൊന്നായി ക്രമീകരിച്ച് കോളനി രീതിയിൽ വളർത്താം. രണ്ടു തട്ടുകൾക്കിടയിൽ 6–8 ഇഞ്ച് (15–20 സെ.മീ.) അകലം ഉണ്ടായിരിക്കണം. ഓരോ തട്ടിനടിയിലും വിസർജ്യങ്ങൾ ശേഖരിക്കാൻ ട്രേ അല്ലെങ്കിൽ പ്ലാസ്റ്റിക് ഷീറ്റ് വയ്ക്കണം. അടിഭാഗത്ത് 1.25 സെ.മീ. (അരയിഞ്ച്) സമചതുരത്തിലുള്ളതും മറ്റു ഭാഗങ്ങൾ 7.5 X 2.5 സെ.മീ. ചതുരത്തിലുള്ളതുമായ കമ്പിവല ഉപയോഗിച്ചാണ് കൂടുകൾ തയാറാക്കേണ്ടത്. ഒരു കാടയ്ക്ക് 150–200 ച.സെ.മീ. സ്ഥലം മതിയാകും. തീറ്റ നൽകാൻ നാല് ഇഞ്ചും വെള്ളം നൽകുന്നതിനായി മൂന്ന് ഇഞ്ചും വ്യാസമുള്ള നെടുകെ പകുതിയായി പിളർന്ന പിവിസി പൈപ്പ് കഷണങ്ങൾ രണ്ടറ്റവും അടച്ച് കൂടിന്റെ പുറത്ത് വശങ്ങളിൽ ഘടിപ്പിച്ചു കൊടുക്കാവുന്നതാണ്. ഒരു കാടയ്ക്ക് 2–3 സെ.മീ. എന്ന നിരക്കിലാണ് പൈപ്പുകളുടെ നീളം കണക്കാക്കേണ്ടത്.

### തീറ്റക്രമം

പ്രത്യേകം കാടത്തീറ്റ ലഭ്യമല്ലെങ്കിൽ ഇറച്ചിക്കോഴിക്ക് നൽകുന്ന സ്റ്റാർട്ടർ, ഫിനിഷർ തീറ്റകളിൽ ഓരോ 100 കിലോ തീറ്റയിലും രണ്ടു കിലോ മീൻ പൊടിയും അഞ്ചു കിലോ കപ്പലണ്ടി പ്പിണ്ണാക്കും എട്ടു ഗ്രാം ജീവകം 'ഇ' പൊടിയും ചേർത്ത സ്റ്റാർട്ടർ (0–3 ആഴ്ച പ്രായമുള്ളവയ്ക്ക്), ഗ്രോവർ (3–6 ആഴ്ച പ്രായമുള്ളവയ്ക്ക്) തീറ്റ ഉണ്ടാക്കിക്കൊടുക്കാം. തീറ്റയിൽ കക്കാപ്പൊടി ചേർത്തു നൽകിയാൽ നല്ല തോടുള്ള മുട്ട ലഭിക്കും. തീറ്റയിൽ 22% മാംസ്യവും 2650 കിലോ കലോറി ഊർജവും വേണം. ശുദ്ധജലം 24 മണിക്കൂറും ഉറപ്പുവരുത്തണം.

### പ്രത്യുൽപാദനം

ശരാശരി 7–8 ആഴ്ച പ്രായത്തിൽ മുട്ടയിട്ട് തുടങ്ങും. 17–26 ആഴ്ച പ്രായത്തിൽ മുട്ടയുൽപാദനം പാരമ്യത്തിലെത്തുന്നു. മുട്ടയിട്ടു തുടങ്ങുമ്പോൾ മുട്ടയുടെ ഭാരം 8 ഗ്രാമിൽ തുടങ്ങി 13.5 ഗ്രാം വരെ ആകും. പെൺകാടകൾക്ക് 16 മണിക്കൂർ വെളിച്ചം നൽകുന്നത് മുട്ടയുൽപാദനത്തിന് ഉത്തേജകം. ഒമ്പത് ച. മീറ്റർ സ്ഥലത്തേക്ക് 40 വാട്ട് ബൾബോ ട്യൂബോ മതി.

പ്രത്യുൽപാദനത്തിന് 10 മുതൽ 23 ആഴ്ചവരെ പ്രായമുള്ള പിടകളെ ഉപയോഗിക്കാം. രണ്ടോ മൂന്നോ പിടകൾക്ക് ഒരു പൂവൻ എന്ന അനുപാതത്തിൽ ഇണചേരാൻ പ്രത്യേകം തയാറാക്കിയ കൂട്ടിൽനിന്നു കൊത്തുമുട്ട ശേഖരിക്കുക. മുട്ടകൾ കൃത്രിമമായോ അടക്കോഴിയെയോ ഉപയോഗിച്ചു വിരിയിക്കാം.



ചെലവു കുറഞ്ഞ ഇൻക്യുബേറ്ററുകൾ ഇപ്പോൾ വിപണിയിൽ ലഭ്യമാണ്. ഇൻക്യുബേറ്ററിൽ ആദ്യത്തെ 14 ദിവസം 37.5 ഡിഗ്രി സെൽഷ്യസ് ചൂടും 60 ശതമാനം ഈർപ്പവും ക്രമീകരിക്കണം. തുടർന്നുള്ള 2–4 ദിവസം 36.5 ഡിഗ്രി സെൽസ്യസ് ചൂടും 70 ശതമാനം ഈർപ്പവും ക്രമീകരിക്കണം. വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾക്ക് മൂന്നാഴ്ചയോളം കൃത്രിമച്ചൂട് ഉറപ്പുവരുത്തി പ്രത്യേക പരിരക്ഷ നൽകണം. ആദ്യത്തെ ആഴ്ച 37.5 ഡിഗ്രി സെൽഷ്യസ് ചൂട് നൽകണം. ക്രമേണ എല്ലാ ആഴ്ചയിലും മൂന്നു ഡിഗ്രി സെൽഷ്യസ് ചൂട് കുറച്ചുകൊണ്ടുവന്ന് മൂന്നാമത്തെ ആഴ്ച കഴിയുമ്പോൾ അന്തരീക്ഷ ഊഷ്മാവിലേക്ക് കൊണ്ടുവരണം. തുടർന്ന് ഇവയെ വിപണിയിലെത്തിക്കാവുന്നതാണ്. കുഞ്ഞുങ്ങളെ ലിറ്റർ ഉപയോഗിച്ചോ തട്ടിൽ ഇട്ടോ ബ്രൂഡിങ് ചെയ്യാം. കൃത്രിമമായി ചൂട് നൽകാൻ 100 കുഞ്ഞുങ്ങൾക്ക് 60 വാട്ടിന്റെ രണ്ടു ബൾബോ അല്ലെങ്കിൽ 275–300 കുഞ്ഞുങ്ങൾക്ക് 250 വാട്ടിന്റെ ഒരു ഇൻഫ്രാറെഡ് ബൾബോ ഉപയോഗിക്കാം.

ആദ്യത്തെ ആഴ്ചയിൽ ബ്രൂഡറിന് ചുറ്റും ചിക്ക് ഗാർഡ് വയ്ക്കുന്നത് നല്ലതാണ്. 3–4 ആഴ്ച പ്രായമെത്തുമ്പോൾ തന്നെ ആൺ–പെൺ കാടകളെ വേർതിരിക്കാൻ കഴിയും. ആണിനു പെണ്ണിനെ അപേക്ഷിച്ച് വലുപ്പം കുറവാണ്. ആണിനു കഴുത്തിലും നെഞ്ചിലും ചുവപ്പും തവിട്ടും കലർന്ന തൂവലുകളുണ്ട്. പെണ്ണിന് ഈ ഭാഗത്ത് കറുപ്പുപുള്ളികളടങ്ങിയ ചാരനിറമുള്ള തൂവലുകളാണുള്ളത്. ഒരു വർഷം മുട്ടയിട്ടതിനു ശേഷം ഇറച്ചിക്കായി വിൽക്കുകയും ശേഷം പുതിയ കാടകളെ വാങ്ങുന്നതുമാണ് നല്ലത്.

*വിലാസം: കൃഷി വിജ്ഞാന കേന്ദ്രം, കസ്തൂർബാ നഗർ, കടവന്ത്ര പോസ്റ്റ്, കൊച്ചി–682 020.*
*ഫോൺ: 0484–2317752*
kvkernakulam@cmfri.org.in